

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ



## 9. വൈശേഷികദർശനം

## സമ്പൂർണ്ണകൃതികൾ: ഭാഗം IV

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്



© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

9 വൈശേഷികദർശനം . . . . . . . . . . . . . . . . . . . . 1
1 പ്രപഞ്ചത്തിന്റെ മൂലകാരണം . . . . 3
2 പദാർത്ഥത്തെപ്പറ്റിയുള്ള ജ്ഞാനം . . 4
3 കണാദനും ഡിമോക്രിട്ടസ്സും . . . . . 5
4 വൈശേഷികം ആത്മീയദർശനമാണോ? 6

## — 9 —

# വൈശേഷികദർശനം

കപിലന്റെ സാംഖ്യദർശനത്തേയും പതഞ്ജലിയുടെ ലോകദർശനത്തേയും അപേക്ഷിച്ച് കൂടുതൽ വിജ്ഞാനപ്രദവും കൂടുതൽ ശാസ്ത്രീയവുമായ ഒരു തത്വശാസ്ത്രശാഖയാണ് വൈശേഷികം. 370 സൂത്രങ്ങളിലൂടെയാണ് അത് പ്രതിപാദിക്കപ്പെട്ടിട്ടുള്ളത്. കണാദമഹർഷിയാണ് വൈശേഷികസൂത്രങ്ങളുടെ പ്രണേതാവ് എന്നു വിശ്വസിക്കപ്പെടുന്നു. പ്രപഞ്ചത്തിന്റെ പരമാണുഘടനയെക്കുറിച്ചുള്ള സിദ്ധാന്തമാണ് അദ്ദേഹം തത്വശാസ്ത്രത്തിനു നൽകിയ മുഖ്യമായ സംഭാവന. അദ്ദേഹത്തെ പുച്ഛിക്കുവാൻ വേണ്ടി 'പരമാണുക്കളെ ഭക്ഷിക്കുന്നവൻ' എന്ന അർത്ഥത്തിലുള്ള കണാദൻ എന്ന പേർ എതിരാളികൾ കെട്ടിച്ചമച്ചതാണെന്നും ശരിയായ പേർ അതായിരുന്നില്ലെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അദ്ദേഹം ജീവിച്ചിരുന്നത് ക്രി.മു. 3-ാം നൂറ്റാണ്ടിലാണെന്നു കരുതപ്പെടുന്നു. കണാദസൂത്രങ്ങളും അവയ്ക്കു ശങ്കരമിശ്രൻ എഴുതിയ ഭാഷ്യവും ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്ത നന്ദലാൽസിൻഹയുടെ അഭിപ്രായത്തിൽ, ക്രിസ്ത്വബ്ദത്തിനു മുമ്പ് 6-ാം നൂറ്റാണ്ടിനും 10-ാം നൂറ്റാണ്ടിനുമിടയിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. ബുദ്ധനുശേഷമാണ് വൈശേഷികദർശനമാവിർഭവിച്ചതെന്ന് രാഹൽസാംകൃത്യായൻ ഉറപ്പിച്ചുപറയുന്നു. ഏതായാലും കണാദസൂത്രങ്ങൾക്ക് രണ്ടായിരത്തിലധികം കൊല്ലത്തെ പഴക്കമുണ്ടെന്നകാര്യത്തിൽ സംശയമില്ല.

## 1 പ്രപഞ്ചത്തിന്റെ മൂലകാരണം

പരമാണുവാണ് ജഗത്തിന്റെ മൂലകാരണം എന്നാണ് വൈശേഷികദർശനം പ്രഖ്യാപിക്കുന്നത്. എന്താണ് പരമാണു? ഒരു വസ്തുമെടുത്ത് കഷണം കഷണമായി ഭാഗിച്ചാൽ ഒടുവിലതു നൂലായി മാറും. നൂൽ പിന്നെയും ഭാഗിച്ചാൽ പരുത്തിയാവും. പരുത്തി ഭാഗിച്ചാൽ അതിന്റെ ചെറിയഭാഗങ്ങൾ ലഭിക്കുന്നു. ഈ ഭാഗങ്ങളെ പിന്നെയും ഭാഗിച്ച് ഭാഗിച്ച് അവസാനം ഇനിയൊട്ടും ഭാഗിക്കാൻ വയ്യ എന്നിടത്തോളമാകുമ്പോൾ അതിനു പരമാണു എന്നുപറയുന്നു.

കാണാവുന്ന ഏറ്റവും ചെറിയ അംശത്തിന് അണു എന്നു പറയുന്നു. പ്രപഞ്ചത്തിലുള്ള എല്ലാ വസ്തുക്കളും അണുക്കളുടെ സമഷ്ടികളാണ്. അണു പിന്നെയും ഭാഗിച്ചാണ് പരമാണുക്കൾ ലഭിക്കുക. ഈ വിഭജനം ക്ഷിപ്രസാദ്ധ്യമല്ല. കാരണം, പരമാണു അത്യന്തം സൂക്ഷ്മമാണ്. അതുകൊണ്ടത് പ്രത്യക്ഷമല്ല. അദൃശ്യമാണ്. എങ്കിലും സാങ്കൽപ്പികമായി ഭാഗിക്കാം. പരമാണുക്കളുടെ സമഷ്ടി അണു. അണുക്കളുടെ സമഷ്ടി വസ്തുക്കൾ. എല്ലാ വസ്തുക്കളും കൂടിയുള്ളത് ലോകം. ലോകത്തെ ഇങ്ങനെ ഭാഗിച്ചു ഭാഗിച്ചു നോക്കിയാൽ അവസാനം പരമാണുക്കൾ മാത്രമേ ഉണ്ടാവൂ. അതുകൊണ്ടാണ് പ്രപഞ്ചത്തിന്റെ മൂലകാരണം പരമാണുവാണ് എന്നുപറയുന്നത്.

പ്രകൃതിയുടെ അടിസ്ഥാന യാഥാർത്ഥ്യങ്ങളെന്തൊക്കെയാണ് എന്ന ചോദ്യത്തിനു മറുപടി കണ്ടുപിടിക്കാനാണ് വൈശേഷികദർശനം പരിശ്രമിക്കുന്നത്. പ്രകൃതിയുടെ വിവിധ ഘടകങ്ങളിലോരോന്നിന്റെയും സവിശേഷമായ ഗുണങ്ങളെപ്പറ്റി പഠിച്ചാൽ മാത്രമേ പ്രകൃതിയുടെ യാഥാർത്ഥ്യങ്ങളെപ്പറ്റി മനസ്സിലാക്കാൻ കഴിയൂ എന്ന് കണാദൻ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ വൈശേഷികദർശനം എന്ന പേരിലറിയപ്പെടുന്നത്.

## 2 പദാർത്ഥത്തെപ്പറ്റിയുള്ള ജ്ഞാനം

> ‘ഇനി നമുക്ക് ധർമ്മത്തെ വ്യാഖ്യാനിക്കാം’ (അഥാതോ ധർമ വ്യാഖ്യാസ്യാമഃ) എന്ന സൂത്രത്തോടുകൂടിയാണ് വൈശേഷികം ആരംഭിക്കുന്നത്. എന്താണ് ധർമമെന്നുവെച്ചാൽ? അതു സംഘടിതമാണെന്നും ദൈവവിശ്വാസമാണെന്നും സനാതനങ്ങളും മാറ്റമില്ലാത്തവയുമായ വിധിനിഷേധങ്ങളാണെന്നും മറ്റുമുള്ള അഭിപ്രായങ്ങളോട് കണാദൻ യോജിക്കുന്നില്ല.

അദ്ദേഹം പറയുന്നു:

> ‘യാതൊന്നിൽ നിന്നാണോ അഭ്യുദയവും നിഃശ്രേയസവും ഉണ്ടാകുന്നത്, അതാണ് ധർമം’.

നി:ശ്രേയസം അതായത് പരമമായ നന്മ പദാർത്ഥങ്ങളെപ്പറ്റിയുള്ള ജ്ഞാനത്തിലൂടെയാണ് ലഭിക്കുന്നത്.

ഒരു വസ്തുവേയോ അതിന്റെ ഏതെങ്കിലും ഭാഗത്തേയോ സൂചിപ്പിക്കുവാൻ കണാദൻ ഉപയോഗിച്ച പദമാണ് പദാർത്ഥം. ആകെ ആറു പദാർത്ഥങ്ങളുണ്ട്: ദ്രവ്യം, ഗുണം, കർമം, സാമാന്യം, വിശേഷം, സമവായം എന്നിവയാണവ. എല്ലാ വിശ്വതത്വങ്ങളും അവയിലുൾപ്പെടുന്നു. പിന്നീട് അഭാവം എന്ന മറ്റൊരു പദാർത്ഥം കൂടി ചേർക്കപ്പെട്ടു. അങ്ങനെ ആകെ ഏഴു പദാർത്ഥങ്ങളായി.

ദ്രവ്യത്തെ ഒമ്പതായി വിഭജിച്ചിരിക്കുന്നു: ഭൂമി, വെള്ളം, അഗ്നി, വായു, ആകാശം, കാലം, സ്ഥലം(ദിക്ക്), ആത്മാവ്, മനസ്സ്, ഈ ഒമ്പത് ദ്രവ്യങ്ങളാണ് പ്രപഞ്ചത്തിന്റെ അടിത്തറ. എല്ലാ ദ്രവ്യങ്ങളും ഭൗതികങ്ങളല്ല. പൃഥ്വി, ജലം, അഗ്നി, വായു എന്നിവ മൂലരൂപത്തിൽ അത്യന്തം സൂക്ഷ്മവും അഭിവാജ്യവും അഭേദ്യവുമായ പരമാണുക്കൾ ചേർന്നുണ്ടായ ഭൗതികതത്വങ്ങളാണ്. ആകാശം, കാലം, ദേശം, ആത്മാവ്, മനസ്സ് എന്നിവ അഭൗതികതത്വങ്ങളായിട്ടാണ് വിവരിക്കപ്പെടുന്നത്. പക്ഷേ, ഒന്നുണ്ട്: എല്ലാം ദ്രവ്യങ്ങളാണ്. അഗ്നിയെന്ന പോലെതന്നെ ആത്മാവും പ്രത്യേക ഗുണവിശേഷങ്ങളോടുകൂടിയ ദ്രവ്യം മാത്രമാണ്. ആത്മീയവാദികളെപ്പോലെ സ്ഥലകാലങ്ങൾ അയഥാർത്ഥങ്ങളാണെന്നു വൈശേഷിക ദാർശനികന്മാർ വിശ്വസിക്കുന്നില്ല. എല്ലാ ദ്രവ്യങ്ങളും യഥാർത്ഥങ്ങളാണ്.

ഓരോ ദ്രവ്യത്തിനും അതിൻറേതായ ഗുണങ്ങളുണ്ട്. ഉദാഹരണത്തിന് ഭൂമിക്ക് രൂപം, രസം, ഗന്ധം, സ്പർശം എന്നിവയ്ക്കു പുറമേ സംഖ്യ, പരിണാമം, പൃഥക്ത്വം, സംയോഗം, വിഭാഗം, പരത്വം, അപരത്വം, ഗുരുത്വം, ദ്രവ്യത്വം, സംസ്കാരം എന്നീ ഗുണങ്ങളുണ്ട്. വെള്ളത്തിന് രൂപം, രസം, ഗന്ധം, സ്പർശം, ദ്രവ്യത്വം, സ്നിഗ്ധത മുതലായ ഗുണങ്ങളുണ്ട്. ഒട്ടാകെ (1) രൂപം, (2) രസം, (3) ഗന്ധം, (4) സ്പർശം, (5) സംഖ്യ, (6) പരിണാമം, (7) പൃഥക്ത്വം, (വ്യത്യസ്തഭാവം), (8) സംയോഗം (ചേർച്ച), (9) വിഭാഗം, (10) പരത്വം (അന്യമായിരിക്കൽ), (11) അപരത്വം (അന്യമല്ലാതിരിക്കൽ), (12) ബുദ്ധി (ജ്ഞാനം), (13) സുഖം, (14) ദുഃഖം, (15) ഇച്ഛ, (16) ദ്വേഷം, (17) പ്രയത്നം, (18) ഗുരുത്വം (ഘനം), (19) ലഘുത്വം, (20) ദ്രവ്യത്വം (തരളത), (21) സ്നേഹം (സംയോജകഗുണം), (22) സംസ്കാരം, (23) അദൃഷ്ടം (അലൗകികമായ ശക്തിവിശേഷം), (24) ശബ്ദം എന്നിങ്ങനെ ഇരുപത്തിനാലു ഗുണങ്ങളാണുള്ളത്. ഗുണത്തിന്റെ സ്വഭാവവിശേഷം അതു ദ്രവ്യങ്ങളിൽ ഉൾക്കൊണ്ടിരിക്കുന്നുവെന്നുള്ളതാണ്. അതിനു സ്വന്തമായി ഗുണമില്ല. അതു സംയോഗത്തിനോ വിഭാഗത്തിനോ സ്വതന്ത്രമായ കാരണമായിത്തീരുന്നില്ല.

ക്രിയയെ അല്ലെങ്കിൽ ഗതിയെയാണ് കർമമെന്നുപറയുന്നത്. കർമങ്ങൾ അഞ്ചുവിധത്തിലാണ്: (1) ഉൽപ്രേക്ഷണം (മേൽപ്പോട്ടുള്ള ഗതി), (2) അപക്ഷേപണം (താഴോട്ടുള്ള ഗതി), (3) ആകുഞ്ചനം (ചുരുക്കൽ), (4) പ്രസാരണം (വ്യാപ്തമായിത്തീരൽ), (5) ഗമനം (മുന്നോട്ടുള്ള ഗതി).

ഗുണമെന്നപോലെതന്നെ കർമവും ദ്രവ്യത്തിൽ മാത്രമേ സ്ഥിതി ചെയ്യുന്നുള്ളൂ. അതുകൊണ്ട് ദ്രവ്യത്തെ ഗുണകർമങ്ങളുടെ സമവായ (നിത്യ)കാരണമെന്നു പറയുന്നു. പൃഥ്വിയിൽ ഗന്ധവും ജലത്തിൽ രസവും നിലകൊള്ളുന്നത് സമവായബന്ധത്താലാണ്.

ഒന്നിലധികം വസ്തുക്കളിൽ പൊതുവിൽ കാണപ്പെടുന്ന സ്വഭാവവിശേഷങ്ങൾക്കാണ് സാമാന്യം എന്നുപറയുന്നത്. ഉദാഹരണത്തിന് ഒരു പശുവേ എടുക്കുക. അതൊരു വിശേഷജീവിയാണ്. പക്ഷേ, പശുത്വമെന്ന ഗുണം ആ പശുവിൽ മാത്രമല്ല, മറ്റു പശുക്കളിലും കാണാം. ഇവിടെ പശുത്വമെന്നത് സാമാന്യമാണ്. ഓരോ പശുവിനും ഒരു വിശേഷണമാണ്. അതേ സമയത്തുതന്നെ ആ വിശേഷത്തിൽ സാമാന്യമടങ്ങിയിരിക്കുന്നു. സാമാന്യത്തിൽ വിശേഷവും.

രണ്ടു വസ്തുക്കളുടെ താത്ക്കാലികമായ കൂടിച്ചേരലിന് സംയോഗമെന്നുപറയുന്നു. ഉദാഹരണത്തിന്, അനേകം നൂലിഴകൾ ഒന്നിച്ചുകൂട്ടിവെച്ചാൽ, അതൊരു സംയോഗബന്ധമാണ്. നേരെമറിച്ച്, നൂലിഴകൾ വസ്ത്രമായിത്തീരുന്നവിധത്തിൽ ബന്ധിക്കപ്പെടുന്നു എന്നിരിക്കട്ടെ, അതൊരു സമവായബന്ധമാണ്.

ഇങ്ങനെ, ദ്രവ്യങ്ങളേയും പദാർത്ഥങ്ങളേയും വിശകലനം ചെയ്യുകയും ഓരോന്നിന്റെയും സവിശേഷങ്ങളായ ഗുണവിശേഷങ്ങൾ മനസ്സിലാക്കുകയും ചെയ്തുകൊണ്ടാണ് കണാദൻ പ്രപഞ്ചരഹസ്യങ്ങളെ ആരായാൻ ശ്രമിക്കുന്നത്. എല്ലാറ്റിന്റെയും മൂലകാരണം പരമാണുവാണ് എന്ന് വ്യക്തമാക്കുക മാത്രമല്ല അദ്ദേഹം ചെയ്യുന്നത്. ദ്രവ്യവും ഗുണവും തമ്മിലും ദ്രവ്യവും കർമവും തമ്മിലും വിശേഷവും സാമാന്യവും തമ്മിലും കാര്യവും കാരണവും തമ്മിലുമുള്ള ബന്ധങ്ങളേപ്പറ്റിയും അദ്ദേഹം വിസ്തരിച്ചു പ്രതിപാദിക്കുന്നുണ്ട്.

## 3 കണാദനും ഡിമോക്രിട്ടസ്സും

പരമാണുഘടനയെ കുറിച്ചുള്ള പ്രാചീനപഠനം ഭാരതത്തിലല്ല, ഗ്രീസിലാണ് ആദ്യമായി നടന്നത് എന്നു ചിലർ പറയാറുണ്ട്. ഇതു ശരിയല്ല. ഡിമോക്രിട്ടസ്സ് എന്ന പ്രാചീന ഗ്രീക്കുതത്വജ്ഞാനിയും പരമാണുവേപ്പറ്റിയുള്ള ഒരു സിദ്ധാന്തമുന്നയിച്ചുവെന്നതു ശരിയാണ്. പക്ഷേ, അദ്ദേഹത്തിനു മുമ്പുതന്നെ ഇന്ത്യൻ തത്വശാസ്ത്രജ്ഞൻ പരമാണുഘടനയെപ്പറ്റി പ്രതിപാദിച്ചുകഴിഞ്ഞിരുന്നു. ഡോക്ടർ വില്യം ഫ്ളെമിങ്ങ് തന്റെ 'തത്വശാസ്ത്രകോശത്തിൽ' ചൂണ്ടിക്കാണിക്കുന്നതുപോലെ, 'പരമാണുവാദത്തിന്റെ ഉത്ഭവം ഗ്രീസിലല്ല, പൗരസ്ത്യദേശത്താണ്. ഇന്ത്യൻ തത്വശാസ്ത്രത്തിൽ അതു കാണാൻ കഴിയും', ഈ പ്രാചീന പരിണാമവാദത്തെ ദൈവവിശ്വാസവുമായി കൂട്ടിയോജിപ്പിക്കാൻ ചിലർ ശ്രമിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥത്തിലതിന് ഭൗതികവാദവുമായിട്ടാണ് അടുപ്പമുള്ളത് എന്നും ഫ്ളെമിങ് വ്യക്തമാക്കുന്നുണ്ട്.

കണാദന്റെ പരമാണുവാദവും ഡിമോക്രിട്ടസിന്റെ പരിണാമവാദവും തമ്മിൽ പ്രധാനമായ ചില വ്യത്യാസങ്ങൾ കാണാം. ഡിമോക്രിട്ടസിന്റെ അഭിപ്രായത്തിൽ എല്ലാ പരമാണുക്കളും ഒരേതരത്തിലുള്ളവയാണ്. കണാദന്റെ അഭിപ്രായത്തിൽ പരമാണു (ദ്രവ്യങ്ങൾ) മുമ്പു പ്രസ്താവിച്ചതുപോലെ ഒമ്പതുതരത്തിലുണ്ട്. എല്ലാ ദ്രവ്യങ്ങളും ഭൗതികങ്ങളല്ല, പക്ഷേ, എല്ലാം ഒരേപോലെ ദ്രവ്യങ്ങളായിട്ടാണു കണക്കാക്കപ്പെടുന്നത്. അഗ്നിയെപ്പോലെതന്നെ ആത്മാവും പ്രത്യേകം ഗുണവിശേഷങ്ങളോടുകൂടിയ ദ്രവ്യം മാത്രമാണ്. എല്ലാ ദ്രവ്യങ്ങളും യഥാർത്ഥങ്ങളുമാണ്.

വൈശേഷികദർശനമനുസരിച്ച് നമ്മുടെ ലോകം വ്യത്യസ്തങ്ങളായ ഭൗതികവസ്തുക്കളും ശരീരം, പഞ്ചേന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി മുതലായവയുള്ള ജീവികളുമടങ്ങിയ കെട്ടിപ്പിണഞ്ഞ ഒരു വ്യവസ്ഥയാണ്. ഇവയെല്ലാം ദേശകാലങ്ങളിൽ യഥാർത്ഥമായിത്തന്നെ നിലനിൽക്കുകയും പരസ്പരം ബന്ധപ്പെടുകയും ആഘാതപ്രത്യാഘാതങ്ങളുണ്ടാക്കുകയും ചെയ്യുന്നു. പൂർണതയും അപൂർണതയും തമ്മിൽ, മുഴുവനും ഭാഗവും തമ്മിൽ, വസ്തുവും അതിന്റെ ഗുണവും തമ്മിൽ, ചലനവും ചലിപ്പിക്കുന്ന ശക്തിയും തമ്മിൽ ഇങ്ങനെ നാനാതരം ബന്ധങ്ങളെപ്പറ്റി വൈശേഷികദർശനത്തിന്റെ സ്ഥാപകനായ കണാദൻ വിസ്തരിച്ചു പ്രതിപാദിക്കുന്നുണ്ട്. വസ്തുവിൽ നിന്ന് അവിഭാജ്യമാണ് ചലനമെന്നും അദ്ദേഹം ഊന്നിപ്പറയുന്നുണ്ട്.

ഡിമോക്രിട്ടസിന്റെ അഭിപ്രായത്തിൽ പരമാണുവിന് പരിമാണം മാത്രമേയുള്ളൂ. കണാദന്റെ അഭിപ്രായത്തിലാകട്ടെ, പരിമാണവുമുണ്ട്, പരിണാമവുമുണ്ട്. അതു നിർജീവമായി നിലനിൽക്കുന്ന ഒന്നല്ല. അതു മാറുകയും വളരുകയും ചെയ്യുന്നു. ദ്രവ്യത്തിന്റെ ഇരുപത്തിനാലു ഗുണങ്ങളെപ്പറ്റി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ.

## 4 വൈശേഷികം ആത്മീയദർശനമാണോ?

പ്രപഞ്ചത്തിന്റെ പരമാണുരൂപമായ ഘടനയെക്കുറിച്ചുള്ള കണാദന്റെ ഈ സിദ്ധാന്തം ആത്മീയവാദമാണെന്നു പറയാൻ കഴിയുമോ? തീർച്ചയായുമില്ല. ഒരുതരം യാന്ത്രികഭൗതികവാദമാണത്. സൂക്ഷ്മങ്ങളായ പരമാണുക്കളിൽ നിന്നാണ് സമസ്തചരാചരങ്ങളുടേയും ഉൽപ്പത്തി എന്ന് അത് പ്രഖ്യാപിക്കുന്നു. ഭൗതികവസ്തുക്കളുടെ സംയോഗവിയോഗങ്ങൾ വഴിയായിട്ടാണ് — മറ്റൊരുവിധം പറഞ്ഞാൽ, വസ്തുവിന്റെ ബാഹ്യബന്ധങ്ങളുടെ ഫലമായിട്ടാണ് ലോകത്തിലെ എല്ലാത്തരം പരിവർത്തനങ്ങളുമുണ്ടായിട്ടുള്ളത്. പരമാണുക്കളുടെ സംയോഗവിയോഗങ്ങളുടെ ഫലമായിട്ടാണ് വസ്തുവിന് വൃദ്ധിഹ്രാസങ്ങളുണ്ടാകുന്നത്. പക്ഷേ, പുതിയ വസ്തു, പുതിയ ദ്രവ്യം ഉണ്ടാകുന്നില്ല. മാർക്സിസം ചൂണ്ടിക്കാണിക്കുന്നതുപോലെ ഭൗതികപദാർത്ഥത്തിന് ആഭ്യന്തരമായ വൈരുദ്ധ്യങ്ങളും ചലനങ്ങളും മാറ്റങ്ങളുമുണ്ടെന്ന് കണാദനു കാണാൻ കഴിഞ്ഞില്ല. രണ്ടായിരത്തിലധികം കൊല്ലങ്ങൾക്കു മുമ്പ്, പ്രകൃതിശാസ്ത്രവും രസതന്ത്രശാസ്ത്രവും ഊർജ്ജതന്ത്രവും മറ്റും ഏറ്റവും അപരിഷ്കൃതാവസ്ഥയിലായിരുന്ന ആ പ്രാചീനകാലത്ത് അത് സാദ്ധ്യവുമായിരുന്നില്ല. ഏതായാലും ഇത് അദ്ദേഹത്തിന്റെ തത്വശാസ്ത്രത്തിന്റെ ഒരു പ്രധാനദൗർബല്യമാണ്. ഈ ദൗർബല്യമുണ്ടായിരുന്നതുകൊണ്ടാണ് ചൈതന്യത്തിന്റെ കാരണമായി മനസ്സിനു പുറമേ ആത്മാവെന്ന മറ്റൊരു ദ്രവ്യത്തെ അദ്ദേഹം വിഭാവനം ചെയ്തത്.

കണാദനെ സംബന്ധിച്ചിടത്തോളം മനസ്സ് സചേതനമല്ല. ചൈതന്യമുണ്ടാകുന്നത് ആത്മാവിന്റെ പ്രവർത്തനം വഴിയായിട്ടാണ്. പക്ഷേ, ഒരു കാര്യം ഇവിടെ വീണ്ടും എടുത്തുപറയേണ്ടതാണ്. കണാദന്റെ ആത്മാവ് ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതല്ല. ഭൗതികപരമാണുവിൽ നിന്ന് വികസിച്ചുണ്ടായതുമല്ല. പരമാത്മാവിന്റെ ഭാഗവുമല്ല. മണ്ണ്, വെള്ളം, തീയ് തുടങ്ങിയ മൂലഭൂതങ്ങളെപ്പോലെതന്നെ ആത്മാവും അതിൻറേതായ സവിശേഷ ഗുണങ്ങളോടുകൂടിയ ഒരു ദ്രവ്യമാണ്. ആത്മാവ് അനാത്മാവ് എന്നിവയുടെയും വസ്തുചൈതന്യം എന്നിവയുടെയും സമന്വയത്തിന് അദൃഷ്ടം എന്നൊരു ബാഹ്യശക്തിയേയും അദ്ദേഹം സങ്കൽപ്പിച്ചുണ്ടാക്കിയിരുന്നു. അദൃഷ്ടമാണ് പരമാണുവിന്റെ ചലനത്തിൻറേയും മറ്റു പ്രവർത്തനങ്ങളുടേയും കാരണം.

ഈ ദൗർബല്യത്തെ ചൂഷണം ചെയ്തുകൊണ്ടാണ് പിന്നീടുണ്ടായ വ്യാഖ്യാതാക്കൾ വൈശേഷികദർശനത്തെ ആത്മീയതാവാദത്തിലേക്കും ദൈവത്തിലേക്കും വലിച്ചിഴയ്ക്കാൻ ശ്രമിച്ചത്. ഹിരിയണ്ണ തന്റെ 'ഔട്ട് ലൈൻ ഓഫ് ഇന്ത്യൻ ഫിലോസഫി' എന്ന പുസ്തകത്തിലെഴുതുന്നു:

> 'കണാദന്റെ വൈശേഷിക സൂത്രങ്ങൾ പത്ത് അദ്ധ്യായങ്ങളിലായിട്ടാണ്. ഓരോന്നും രണ്ടു ഭാഗങ്ങളിലായി വിഭജിക്കപ്പെട്ടിരിക്കുന്നു... നിലവിലുള്ള ഏറ്റവും പഴക്കം ചെന്ന വ്യാഖ്യാനം പ്രശസ്ത പാദന്റേതാണ്. ഭാഷ്യമെന്ന പേരിലറിയപ്പെടുന്നത്. അത് മിക്കവാറും ക്രിസ്തുബ്ദത്തിനുശേഷം 5-ാം നൂറ്റാണ്ടിലാണ് രചിക്കപ്പെട്ടത്. പക്ഷേ, വിശദീകരണത്തിൽ അതു സൂത്രങ്ങളുടെ ക്രമത്തെ പിന്തുടരുന്നില്ല. ഒരു വ്യാഖ്യാനമെന്നതിനേക്കാളധികം അതൊരു പുനഃപ്രസ്താവനയാണ്. ഇങ്ങനെ പുനഃപ്രസ്താവിക്കുമ്പോൾ അതു മൂലദർശനത്തെ ഗണ്യമാംവിധം വികസിപ്പിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, സൃഷ്ടിയെപ്പറ്റിയുള്ള വ്യക്തമായ നിഗമനവും ദൈവത്തെ സൃഷ്ടാവായി ചിത്രീകരിക്കലും വൈശേഷിക ദർശനത്തിന്റെ ചരിത്രത്തിലാദ്യമായി ഈ വ്യാഖ്യാനത്തിലാണ് കാണപ്പെടുന്നത്. ഇത്തരം വികാസങ്ങൾ കാരണം ഈ കൃതിയെ ഒരു വ്യാഖ്യാനമെന്നതിനേക്കാളധികം ഒരു സ്വതന്ത്രകൃതിയായിട്ടാണ് കണക്കാക്കേണ്ടത്.'

ആത്മീയവാദികളുടെ കൈകടത്തലിന്റെ ഫലമായി മറ്റു ദർശനങ്ങൾക്കു സംഭവിച്ച കോട്ടങ്ങൾ വൈശേഷിക ദർശനത്തിനും വന്നുചേർന്നിട്ടുണ്ട് എന്നാണിതു കാണിക്കുന്നത്. ☐

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014